**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തൃശൂർ കോർപ്പറേഷനിൽ സീനിയർ ക്ലാർക്കായ ശ്രീ. ബൈജു. കെ.കെ. - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1799/16 ലെ 03.08.2016 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3213/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 25.11.2016

===================================================================

**പരാമർശം :**
1) നഗരകാര്യ ഡയറക്ടറുടെ 22.07.2016 തീയതിയിലെ E6-16362/16 നം. ഉത്തരവ്.
2) ശ്രീ. ബൈജു.കെ.കെ., സീനിയർ ക്ലർക്ക്, തൃശൂർ കോർപ്പറേഷൻ സർക്കാരിൽ സമർപ്പിച്ച 29.07.2016 ലെ അപേക്ഷ.
3) ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 03.08.2016 തീയതിയിലെ OA No.1799/16 ലെ വിധിന്യായം.
4) നഗരകാര്യ ഡയറക്ടറുടെ 05.11.2016 ലെ ഇ3-21811/16 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം നഗരകാര്യ ഡയറക്ടർ മുനിസിപ്പൽ കോമൺ സർവ്വീസിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചു. ഈ ഉത്തരവിൽ തൃശൂർ കോർപ്പറേഷനിലെ സീനിയർ ക്ലാർക്കായ ശ്രീ. ബൈജു.കെ.കെ.യ്ക്ക് ഭരണപരമായ സൗകര്യാർത്ഥം കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയിലേയ്ക്കാണ് സ്ഥലംമാറ്റം നൽകിയത്. ഈ ഉത്തരവിനെതിരെ ശ്രീ.കെ.കെ.ബൈജു പരാമർശം 2 പ്രകാരം സർക്കാരിൽ അപ്പീലപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി അപ്പീലിൽ തന്നെ അന്യായമായാണ് സ്ഥലം മാറ്റിയിട്ടുള്ളതെന്നും, തന്നെ ആശ്രയിച്ചു കഴിയുന്ന, 79 വയസ്സ് പ്രായമുള്ളതും മാനസിക സമ്മർദ്ദമുള്ളതുമായ അമ്മയും, അസുഖമുള്ള മകളും ഉണ്ടെന്നും ആയതിനാൽ തനിക്ക് തൃശൂർ നഗരസഭയിലോ ജില്ലയിൽ ഒഴിവുള്ള മറ്റേതെങ്കിലും നഗരസഭയിലോ, ഭാവിയിൽ ഒഴിവു വരുന്ന മുറയ്ക്കോ സ്ഥലംമാറ്റം നൽകണമെന്ന് ടിയാൻ അപേക്ഷിച്ചിരിക്കുന്നു.

2. മേൽപ്പറഞ്ഞ സ്ഥലംമാറ്റം സംബന്ധമായി ശ്രീ. ബൈജു. കെ.കെ. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA No. 1799/2016 ഫയൽ ചെയ്തു. ആയതിലെ 03.08.2016 ലെ വിധിയിൽ, ഈ കേസിലെ 1-ാം കക്ഷിയായ സർക്കാർ ഹർജിക്കാരനെയും, Annexure A2 അപേക്ഷയിലെ തീരുമാനം ബാധിക്കാൻ സാധ്യതയുള്ള ആരെങ്കിലുമുണ്ടെങ്കിൽ അവരേയും നേരിൽ കേട്ടതിനു ശേഷം വിധിന്യായത്തിന്റെ സർട്ടിഫൈഡ് കോപ്പി ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

3. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി ശ്രീ. കെ. കെ. ബൈജുവിനെ 07.10.2016 ൽ നേരിട്ട് കേട്ടു. ഹർജിയിലെ വാദങ്ങൾക്കു പുറമേ താൻ പട്ടികജാതിയിൽപ്പെട്ട ആളാണെന്ന് ടിയാൻ നേരിട്ടു കേട്ടപ്പോൾ ബോധിപ്പിച്ചു. കൂടാതെ ടിയാന്റെ മകൾ 'Mentally Retarded' ആണെന്നുള്ള സ്ക്കൂൾ ഹെഡ്മിസ്ട്രസിന്റെ സർട്ടിഫിക്കറ്റ്, ടി കുട്ടിയ്ക്ക് 40% മെന്റൽ റിട്ടാഡേഷൻ ഉണ്ടെന്ന് വ്യക്തമാക്കുന്ന സാമൂഹ്യക്ഷേമ വകുപ്പിന്റെ ഐഡന്റിറ്റി കാർഡ് എന്നിവ ഹാജരാക്കി.

4. മേൽപ്പറഞ്ഞ അപ്പീൽ അപേക്ഷ നഗരകാര്യ ഡയറക്ടറുടെ പരാമർശം 4 പ്രകാരമുള്ള റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. 26.03.1992 മുതൽ 25.07.2016 വരെ തുടർച്ചയായി 24 വർഷം തൃശൂർ നഗരസഭയിൽ ജോലി നോക്കിയതിനുശേഷമാണ് ശ്രീ. ബൈജുവിനെ കോട്ടയ്ക്കൽ നഗരസഭയിലേക്ക് ട്രാൻസ്ഫർ ചെയ്തത്. ആയതിനാൽ അന്യായമായാണ് തന്നെ സ്ഥലം മാറ്റിയത് എന്ന ശ്രീ.കെ.കെ. ബൈജുവിന്റെ വാദം ശരിയല്ല എന്നു കാണുന്നു. എന്നാൽ ടിയാന്റെ മകളുടെ അവസ്ഥ സഹതാപമർഹിക്കുന്നതാണ്. 30.12.2009 ലെ G.O(P) 22/09/P&ARD നമ്പർ ഉത്തരവു പ്രകാരം Parents of Mentally Retarded Children -ന് ജനറൽ ട്രാൻസ്ഫറിൽ preference ഉള്ളതാണ്. കൂടാതെ ഗുരുവായൂർ നഗരസഭയിൽ സീനിയർ ക്ലർക്കിന്റെ ഒഴിവുള്ളതായി പരാമർശം 4 ലെ കത്തിൽ നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ മറ്റേതെങ്കിലും സീനിയർ ക്ലർക്കിന്റെ ഗുരുവായൂർ നഗരസഭയിലേക്കുള്ള അർഹതപ്പെട്ട സ്ഥലംമാറ്റ ആവശ്യത്തെ പ്രതികൂലമായി ബാധിക്കുന്നില്ലായെങ്കിൽ കോട്ടയ്ക്കൽ നഗരസഭയിലെ സീനിയർ ക്ലാർക്കായ ശ്രീ. കെ. കെ. ബൈജുവിനെ ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ സീനിയർ ക്ലർക്കിന്റെ ഒഴിവിലേക്ക് അടിയന്തിരമായി സ്ഥലംമാറ്റി നിയമിക്കുവാൻ നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. മേൽപ്പറഞ്ഞ പ്രകാരം പരാമർശം 3 ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കിയിരിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**അബുൽ കലാം,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം.
ശ്രീ. ബൈജു.കെ.കെ., സീനിയർ ക്ലർക്ക്, കോട്ടയ്ക്കൽ നഗരസഭ, മലപ്പുറം.
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**